പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5845 27.10.2011 -ൽമറുപടിയ്ക്ക്

## ഹലാൽ ചിക്കൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.മോയിൻകുട്ടി | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) | |
| എ) | മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള 'കെപ്കോ' എന്ന സ്ഥാപനം കേരളത്തിൽ എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ട്; | എ) | കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷൻ (കെപ്കോ) എന്ന സ്ഥാപനത്തിന്റെ ആസ്ഥാനം തിരുവനന്തപുരത്ത് പേട്ടയിലാണ്. ഇവിടെ കെപ്കോ മാംസ സംസ്ക്കരണ കേന്ദ്രം, കെപ്കോ എ.സി.റസ്റ്റോറന്റ് , കെപ്കോ ന്യായവില മെഡിക്കൽ ഷോപ്പ്, കെപ്കോ ടെക്നിക്കൽ സർവ്വീസ് സെന്റർ എന്നിവ പ്രവർത്തിക്കുന്നു. അതിനു പുറമേ ഈ സ്ഥാപനത്തിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ ആധുനിക രീതിയിലുള്ള ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രവും , കൊല്ലം ജില്ലയിലെ കൊട്ടിയത്ത് മുട്ടക്കോഴി, താറാവു വളർത്തൽ കേന്ദ്രവും പ്രവർത്തിക്കുന്നു. കൂടാതെ കെപ്കോ കോഴിയിറച്ചി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടി തിരുവനന്തപുരം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ കെപ്കോ വിപണന ഏജൻസികളും പ്രവർത്തിക്കുന്നുണ്ട്. |
| ബി) | പ്രസ്തുത സ്ഥാപനത്തിൽ കോഴികളെ കശാപ്പു ചെയ്യുന്നതിന് ഇപ്പോൾ എന്തു മാർഗ്ഗമാണ് സ്വീകരിച്ചിട്ടുള്ളത്; | ബി) | തിരുവനന്തപുരത്ത് പേട്ടയിൽ മാത്രമേ ശാസ്ത്രീയമായി കോഴികളെ കശാപ്പു ചെയ്ത് ഇറച്ചി തയ്യാറാക്കുന്നതിനുള്ള പ്ളാന്റ് പ്രവർത്തിക്കുന്നുള്ളൂ. |
| സി) | 'ഹലാൽ ചിക്കൻ വില്ക്കപ്പെടും' എന്ന ബോർഡ് സ്ഥാപിച്ചിട്ടുള്ള തിരുവനന്തപുരം കണ്ണിമേറ മാർക്കറ്റിനു സമീപമുള്ള | സി) | കെപ്കോയുടെ കീഴിൽ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന മാംസ വിപണന കേന്ദ്രങ്ങളിൽ കോഴികളെ കശാപ്പു ചെയ്യുന്നില്ല. പേട്ടയിലെ പ്ളാന്റിൽ ശാസ്ത്രീയമായും, ഹലാൽ |

'കെപ്കോ' സ്ഥാപനത്തിൽ ഹലാലായി കശാപ്പു ചെയ്യുന്നതിന് ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

രീതിയിലും കോഴികളെ കശാപ്പു ചെയ്തു പ്രത്യേകം തയ്യാറാക്കുന്നു. പ്രസ്തുത മാംസം കണ്ണിമേറാ മാർക്കറ്റിനു സമീപമുള്ള വിൽപ്പനശാല ഉൾപ്പെടെ വിവിധ വിപണന കേന്ദ്രങ്ങളിലൂടെ വിൽപ്പന നടത്തുകയാണു ചെയ്യുന്നത്.

ഡി) കെപ്കോയുടെ എല്ലാ സ്ഥാപനങ്ങളിലും കോഴികളെയും മറ്റും ഹലാലായി മാത്രമേ കശാപ്പു ചെയ്യാവൂ എന്ന് നിർദ്ദേശം നൽകുമോ ; ഇതിനാവശ്യമായവരെ നിയമിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഡി) നിലവിൽ പേട്ടയിൽ മാത്രമേ ശാസ്ത്രീയമായ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന അറവു ശാലയുള്ളൂ. ഈ സ്ഥാപനത്തിൽ ഹലാൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

Seele

സെക്ഷൻ ഓഫീസർ